

# ഖുർആൻ ബോധനം

**669**

എ.വൈ.ആർ

സൂറ-16

# അന്നഹ്ൽ

إِنَّ إِبۡرَٰهِيمَ كَانَ أُمَّةٗ قَانِتٗا لِّلَّهِ حَنِيفٗا وَلَمۡ يَكُ مِنَ ٱلۡمُشۡرِكِينَ ١٢٠

شَاكِرٗا لِّأَنۡعُمِهِۚ ٱجۡتَبَىٰهُ وَهَدَىٰهُ إِلَىٰ صِرَٰطٖ مُّسۡتَقِيمٖ ١٢١

وَءَاتَيۡنَٰهُ فِي ٱلدُّنۡيَا حَسَنَةٗۖ وَإِنَّهُۥ فِي ٱلۡأٓخِرَةِ لَمِنَ ٱلصَّٰلِحِينَ ١٢٢

ثُمَّ أَوۡحَيۡنَآ إِلَيۡكَ أَنِ ٱتَّبِعۡ مِلَّةَ إِبۡرَٰهِيمَ حَنِيفٗاۖ وَمَا كَانَ مِنَ ٱلۡمُشۡرِكِينَ ١٢٣

إِنَّمَا جُعِلَ ٱلسَّبۡتُ عَلَى ٱلَّذِينَ ٱخۡتَلَفُواْ فِيهِۚ وَإِنَّ رَبَّكَ لَيَحۡكُمُ بَيۡنَهُمۡ يَوۡمَ
ٱلۡقِيَٰمَةِ فِيمَا كَانُواْ فِيهِ يَخۡتَلِفُونَ ١٢٤

**120.** ഇബ്റാഹീം സ്വയം ഒരു സമുദായമായിരുന്നു. അല്ലാഹുവിനോട് അത്യധികമായ വണക്കം പാലിച്ച നിഷ്കളങ്കൻ; ഒരിക്കലും ബഹുദൈവാരാധകനായിരുന്നില്ല.

**121.** ദൈവാനുഗ്രഹങ്ങൾക്ക് ഏറെ കൃതജ്ഞനായ അദ്ദേഹത്തെ അല്ലാഹു സവിശേഷം തെരെഞ്ഞെടുക്കുകയും നേരായ പാതയിലേക്ക് നയിക്കുകയും ചെയ്തു.

**122.** ഇഹലോകത്ത് അദ്ദേഹത്തിനു പെരുത്തു നന്മകളേകി. പരലോകത്തും അദ്ദേഹം സജ്ജനഗണത്തിൽ തന്നെയാകുന്നു.

**123.** ഇബ്റാഹീമി ധർമം നിഷ്കളങ്കമായി പിന്തുടർന്നു കൊള്ളണമെന്നും അദ്ദേഹം ബഹുദൈവാരാധകനായിരുന്നില്ലെന്നും പിന്നീട് നാം നിനക്ക് ദിവ്യസന്ദേശമയച്ചിരിക്കുകയാണ്.

**124.** സാബ്ബത്താവട്ടെ, അതിൽ ഭിന്നിച്ചവർക്കു മാത്രം ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതാകുന്നു. അവർ ഭിന്നിച്ചിരുന്ന സംഗതികളിലൊക്കെയും ഉയിർത്തെഴുന്നേൽപു നാളിൽ നിന്റെ നാഥൻ വിധിപറയുക തന്നെ ചെയ്യും.

إِنَّ إِبۡرَٰهِيمَ = തീർച്ചയായും ഇബ്റാഹീം — كَانَ أُمَّةً = (സ്വയം തന്നെ) ഒരു സമുദായമായിരുന്നു

قَانِتًا لِّلَّهِ = അത്യധികമായ വണക്കം പാലിച്ചവൻ — حَنِيفًا = നിഷ്കളങ്കൻ — وَلَمۡ يَكُ = അദ്ദേഹം(ഒരിക്കലും)ആയിരുന്നിട്ടില്ല

مِنَ ٱلۡمُشۡرِكِينَ = ബഹുദൈവാരാധകരിൽപ്പെട്ടവൻ — شَاكِرًا = കൃതജ്ഞനായ നിലക്ക്

لِّأَنۡعُمِهِ = അവന്റെ(ദൈവത്തിന്റെ) അനുഗ്രഹങ്ങൾക്ക്

ٱجۡتَبَىٰهُ = അവൻ അദ്ദേഹത്തെ (സവിശേഷം) തെരെഞ്ഞെടുത്തു — وَهَدَىٰهُ = അദ്ദേഹത്തെ നയിക്കുകയും ചെയ്തു

إِلَىٰ صِرَٰطٖ مُّسۡتَقِيمٖ = നേരായ പാതയിലേക്ക് — وَءَاتَيۡنَٰهُ = അവൻ അദ്ദേഹത്തിന് ഏകി — فِي ٱلدُّنۡيَا = ഇഹലോകത്ത്

حَسَنَةً = (പെരുത്തു)നന്മ(കൾ) — وَإِنَّهُۥ = തീർച്ചയായും അദ്ദേഹം — فِي ٱلۡأٓخِرَةِ = പരലോകത്ത്

لَمِنَ ٱلصَّٰلِحِينَ = സജ്ജനഗണ(ഗണ)ത്തിൽ പെട്ടവൻ തന്നെയാകുന്നു — ثُمَّ = പിന്നീട്

أَوۡحَيۡنَآ إِلَيۡكَ = നാം നിന്നിലേക്ക് ദിവ്യസന്ദേശമയച്ചിരിക്കുകയാണ് — أَنِ = എന്തെന്നാൽ

ٱتَّبِعۡ = നീ പിന്തുടർന്നു കൊള്ളേണം (എന്നും) — مِلَّةَ إِبۡرَٰهِيمَ = ഇബ്റാഹീമി(ധർമം)ന്റെ മതം — حَنِيفًا = നിഷ്കളങ്കമായ

وَمَا كَانَ = അദ്ദേഹം ആയിരുന്നില്ല — مِنَ ٱلۡمُشۡرِكِينَ = ബഹുദൈവാരാധകരിൽപെട്ടവൻ

إِنَّمَا جُعِلَ ٱلسَّبۡتُ = സാബ്ബത്ത് ആക്കപ്പെട്ടിട്ടുള്ളത് (ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതാകുന്നു)

| | |
|---|---|
| عَلَى ٱلَّذِينَ ٱخۡتَلَفُواْ = ഭിന്നിച്ചവ(ർക്ക്)രുടെ മേൽ മാത്രം | فِيهِۚ = അതിൽ, അദ്ദേഹത്തിൽ |
| وَإِنَّ رَبَّكَ = തീർച്ചയായും നിന്റെ നാഥൻ | لَيَحۡكُمُ = വിധിപറയുക തന്നെ ചെയ്യും |
| بَيۡنَهُمۡ = അവർക്കിടയിൽ | يَوۡمَ ٱلۡقِيَٰمَةِ = ഉയിർത്തെഴുന്നേൽപ്പുനാളിൽ |
| فِيمَا كَانُواْ فِيهِ يَخۡتَلِفُونَ = യാതൊന്നിലാണോ അവർ ഭിന്നിച്ചിരുന്നത് അതിൽ (അവർ ഭിന്നിച്ചിരുന്ന സംഗതികളിലൊക്കെയും) | |

**120–122.** സൂറഃ സമാപനത്തിലേക്ക് നീങ്ങുകയാണ്. ഇസ്‌ലാമിന്റെ യാഥാർഥ്യവും പ്രവാചക ദൗത്യവും പ്രബോധന മര്യാദകളും ഒരിക്കൽ കൂടി അനുസ്മരിപ്പിച്ചുകൊണ്ടാണ് സമാപിക്കുന്നത്. അതിന്റെ മുഖവുരയെന്നോണമുള്ളതാണ് ഈ വചനങ്ങൾ. അതോടൊപ്പം, നേരത്തെ വിശ്വാസികൾ ഉന്നയിച്ച വിമർശനത്തിനുള്ള മറുപടിയുടെ ഭാഗവുമാണ്. അതായത്, നേരത്തെ യഹൂദർക്ക് പ്രത്യേകം നിഷിദ്ധമാക്കിയിരുന്ന വസ്തുക്കൾ അവരുടെ കുലപതിയായ ഇബ്റാഹീമിന്റെ ധർമത്തിൽ നിഷിദ്ധമായിരുന്നില്ല. യഹൂദർ ചില നിഷിദ്ധതകൾ സ്വയം നിശ്ചയിച്ചപ്പോൾ അല്ലാഹു ഒരു ശിക്ഷയെന്നോണം അതവർക്ക് ശറഇയായിത്തന്നെ നിഷിദ്ധമാക്കി. അറേബ്യൻ മുശ്‌രിക്കുകൾ യാതൊരടിസ്ഥാനവുമില്ലാതെ അല്ലാഹുവിന്ന് ചില പങ്കാളികളെയും ഉപദൈവങ്ങളെയും കൽപിച്ചു. അതു ഒരുവിധത്തിലും അല്ലാഹു അനുവദിച്ചിട്ടില്ല.

അറബികളും യഹൂദരും ക്രൈസ്തവരും ഒരുപോലെ ആദരിക്കുന്ന പുണ്യപുരുഷനാണ് പ്രവാചകൻ ഇബ്റാഹീം. ഈ മൂന്ന് ജനതകളുടെയും വംശപിതാവാണദ്ദേഹം. ഇബ്റാഹീം നബിയുടെ ഏറ്റവും വലിയ മഹത്വവും സവിശേഷതയും കറകളഞ്ഞ ഏകദൈവവിശ്വാസം പ്രഖ്യാപിക്കുകയും തദനുസാരമുള്ള ജീവിതചര്യ സ്വീകരിക്കുകയും ചെയ്തു എന്നതാണ്. നൂഹ് നബി(അ) പടുത്തുയർത്തിയ തൗഹീദി സംസ്കാരത്തിന്റെ അടിത്തറകൾ ശിഥിലമായ ഒരു ദശാസന്ധിയിൽ പുതിയൊരു തൗഹീദി സംസ്കാരത്തിന് അടിത്തറ പാകുകയായിരുന്നു ഇബ്റാഹീം (അ). സുദൃഢമായ ഏക ദൈവ വിശ്വാസം, ദൈവത്തോടുള്ള അദമ്യമായ ഭയഭക്തിയും അനുസരണവും, അവനു വേണ്ടി എന്തും സഹിക്കാനും ത്യജിക്കാനുമുള്ള സന്നദ്ധത, കനിവും കാരുണ്യവും വഴിഞ്ഞൊഴുകുന്ന മനസ് ഇതൊക്കെയായിരുന്നു ഇബ്റാഹീം നബിയിൽ മികച്ചു നിന്ന ഗുണങ്ങൾ. താൻ വിശ്വസിക്കുന്ന ദൈവത്തിനു വേണ്ടി ഏറെക്കുറെ ജീവിതകാലം മുഴുവൻ അദ്ദേഹം പ്രവാസ ജീവിതം നയിക്കേണ്ടി വന്നു. ആറ്റുനോറ്റുണ്ടായ ഏക പുത്രന്റെ കണ്ഠത്തിൽ കഠാരയിറക്കാൻ സന്നദ്ധനായി. സഹസ്രാബ്ദങ്ങളായി പുണ്യദേവാലയമായി പരിലസിക്കുന്ന കഅ്ബാലയം പണിതതദ്ദേഹമാണ്. അദ്ദേഹത്തിന്റെ സീമന്ത പുത്രനിൽനിന്നാണ് ഇസ്മാഈൽ (അറേബ്യൻ) സമൂഹം വളർന്നു വന്നത്. ദ്വിതീയ പുത്രനിൽ നിന്ന് ഇസ്രാഈൽ (യഹൂദ) സമൂഹവും അവരിൽ നിന്ന് നസ്രായ(ക്രൈസ്തവ)രും വികസിച്ചു വന്നു. തങ്ങളുടെ വംശപിതാവും ആത്മീയാചാര്യനും ഇബ്റാഹീം ആണെന്നവകാശപ്പെടുന്നവരാണ് ഈ മൂന്നു വിഭാഗവും. സ്വമതത്തിൽ കടത്തിക്കൂട്ടിയ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെല്ലാം അവർ ആധികാരികത നൽകുന്നത് അവയെ ഇബ്റാഹീമീ ധർമത്തിന്റെ ഭാഗമെന്ന് ആരോപിച്ചുകൊണ്ടാണ്. മൂന്നു കൂട്ടരുടെയും മാർഗം വ്യത്യസ്തമാണെങ്കിലും മൂന്നു കൂട്ടരും അവകാശപ്പെടുന്നത് തങ്ങൾ പിന്തുടരുന്നത് യഥാർഥ ഇബ്റാഹീമീ മാർഗമാണെന്നത്രെ. യഹൂദർക്ക് ഒട്ടകവും ഒട്ടകപ്പക്ഷിയും നിഷിദ്ധമാണ്. ക്രൈസ്തവർക്ക് പന്നി മാംസം വരെ അനുവദനീയം. അറബികൾ അനുവദനീയമായി ഗണിക്കുന്ന കാലികളിൽ തന്നെ ചിലതിനെ നിഷിദ്ധമെന്ന് കൽപിക്കുന്നു. ഇബ്റാഹീമീ ധർമം കൈവെടിയുന്നുവെന്ന് മൂന്നു കൂട്ടരും മുഹമ്മദ് നബിയെ ആക്ഷേപിക്കുകയും ചെയ്യുന്നു. നിങ്ങൾ ജൽപിക്കുന്നതിൽ നിന്നൊക്കെ തികച്ചും വ്യത്യസ്തനാണ് ഇബ്റാഹീം എന്നാണ് ഖുർആൻ അവരോട് പറയുന്നത്. അദ്ദേഹം സ്വയം ഒരു പ്രസ്ഥാനമായിരുന്നു. امة എന്നാണ് മൂല പദം. പൊതുവായ ഒരു ഘടകത്താൽ ബന്ധിപ്പിക്കപ്പെട്ട കൂട്ടമാണ് മൗലികമായ അർഥത്തിൽ امة. ആ ഘടകം മതമാകാം, സംസ്കാരമാകാം, ഭാഷയാകാം, ദേശമാകാം വംശമാകാം. സാധാരണ അർഥത്തിൽ സമുദായമാണ് امة. ഉമ്മത്തു മുസ്‌ലിം, മുസ്‌ലിം സമുദായം. ഉമ്മത്തു മുഹമ്മദ്, മുഹമ്മദീയ സമുദായം. ഒരു സമുദായത്തിൽ പലരിലായി ഉണ്ടാകുന്ന എല്ലാ സദ്ഗുണങ്ങളും മേളിച്ച നേതാവ് എന്നാണ് ഇവിടെ അർഥമെന്ന് ഖുർആൻ പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. അദ്ദേഹം മാത്രമായിരുന്നു ഒരു കാലത്ത് ലോകത്തുണ്ടായിരുന്ന ഒരേയൊരു ഏകദൈവവിശ്വാസി, സത്യവിശ്വാസത്തിലൂടെ ഒരു സമുദായത്തിലുളവാകുന്ന എല്ലാ സദ്ഗുണങ്ങളും അദ്ദേഹത്തിലുണ്ടായിരുന്നു. അതിനാൽ അദ്ദേഹം സ്വയം ഒരു സമുദായം, ഇന്നത്തെ ഭാഷയിൽ ഒരു പ്രസ്ഥാനമായിരുന്നു.

ഏതാജ്ഞയും ഏതു സമയത്തും അനുസരിക്കാൻ സന്നദ്ധനായി നിലകൊള്ളുന്ന വിനീതവിധേയനാണ് قَانِتًا. വക്രത, മുടന്ത് എന്നൊക്കെ അർഥമുള്ള حَنَف ൽ നിന്നുത്ഭവിച്ച പദമാണ് حَنِيفًا. പക്ഷെ حَنِيف ന്റെ അർഥം നേരെ വിപരീതമാകുന്നു. അവ ക്രമായതും നേരായതും സത്യമായതും നിഷ്കളങ്കമായതുമൊക്കെയാണ് حَنِيف. സത്യദീൻ الدين الحنيف ഇവിടെ ഈ പദം കൊണ്ട് വിശേഷിപ്പിച്ചിരിക്കുന്നത് ഇബ്റാഹീമിനെ നേരിട്ടുമാകാം അദ്ദേഹത്തിന്റെ വിധേയത്വ(قنوت)ത്തെയുമാവാം. രണ്ടായാലും സാരം ഒന്നു തന്നെ. അതായത് അദ്ദേഹം ദൈവമല്ലാത്തവരിൽ ദിവ്യത്വമാരോപിച്ച് ദൈവത്തിന്റെ ഏകത്വത്തെയോ, അവൻ അനുശാസിച്ച നിയമങ്ങളെയോ സ്വേഛാനുസാരം വളച്ചൊടിച്ച് സത്യദീനിനെയോ കളങ്കപ്പെടുത്തിയിരുന്നില്ല. എല്ലാവിധ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർജിച്ച് സത്യദൈവത്തിലേക്കും സത്യദീനിലേക്കും മാത്രം ഉന്മുഖനായിരുന്നു. ജീവിതത്തിലൊരിക്കലും ഇന്ന് അദ്ദേഹത്തിന്റെ പൈതൃകം അവകാശപ്പെടുന്നവരെപ്പോലെ ബഹുദൈവ വിശ്വാസിയോ വിഗ്രഹാരാധകനോ ആയിരുന്നില്ല. ഇബ്റാഹീം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളായിത്തന്നെ അംഗീകരിക്കുകയും അതിന്റെ പേരിൽ അവനോട് അളവറ്റ നന്ദി പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഒരു ദൈവാനുഗ്രഹത്തെയും അവനല്ലാത്തവരുടെ ഔദാര്യമായി കരുതുകയോ അവരെ പ്രസാദിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്തിരുന്നില്ല. ആ ഇബ്റാഹീമിനെ അല്ലാഹു അവന്റെ, പ്രവാചകനായി തെരഞ്ഞെടുക്കുകയും നേർവഴി കാണിച്ചു

കൊടുക്കുകയും ചെയ്തിട്ടുണ്ട്. അതായത് അദ്ദേഹത്തിന്റെ വിശ്വാസങ്ങളും ചര്യകളും തന്നിഷ്ടപ്രകാരമുള്ളതായിരുന്നില്ല. അല്ലാഹുവിന്റെ മാർഗദർശനമനുസരിച്ചുള്ളതായിരുന്നു. ആ മാർഗദർശനമാണ് നിങ്ങൾ പിന്തുടരേണ്ടത് اَجْتَبَيْنَـٰهُمْ وَهَدَيْنَـٰهُمْ إِلَىٰ صِرَٰطٍ مُّسْتَقِيمٍ എന്ന് അൽഅൻആം 87-ാം സൂക്തത്തിൽ വന്നിട്ടുണ്ട്. പദവിശകലനം ഖുർആൻ ബോധനം പ്രസ്തുത സൂക്തത്തിന് താഴെ കാണുക.

തങ്ങളുടെ വംശപിതാവ് എന്ന നിലക്കാണ് ഇസ്രാഈല്യരും ഇസ്മാഈല്യരും ഇബ്റാഹീം നബിയെ അനുസ്മരിക്കുകയും ആദരിക്കുകയും ചെയ്തിരുന്നത്. ഇബ്റാഹീം നബിയുടെ യഥാർഥ മഹത്വം അദ്ദേഹത്തിന്റെ നിഷ്കളങ്കവും ഭക്തിനിർഭരവുമായ ഏകദൈവവിശ്വാസവും ത്യാഗോജ്ജ്വലമായ ജീവിതവും കനിവൂറുന്ന മനസ്സുമാകുന്നു. ഈ ഗുണങ്ങളെ ആധാരമാക്കിയാണ് അല്ലാഹു അദ്ദേഹത്തെ ലോകർക്കൊക്കെയും ആചാര്യനായി പ്രഖ്യാപിച്ചത്. قَالَ إِنِّي جَاعِلُكَ لِلنَّاسِ إِمَامًا "അല്ലാഹു പ്രഖ്യാപിച്ചു: ഞാൻ നിന്നെ മനുഷ്യർക്കൊക്കെയും ആചാര്യനായി നിശ്ചയിക്കുന്നു" (2:124). ഇബ്റാഹീം നബിയുടെ ഈ മഹത്വങ്ങളെല്ലാം മറന്ന് അദ്ദേഹത്തെ ഒരു വംശപിതാവിലേക്ക് വെട്ടിച്ചുരുക്കുകയായിരുന്നു ഇസ്രായീല്യർ. അദ്ദേഹത്തിനു ദൈവാനുഗ്രവും സാമീപ്യവും ഉണ്ടായിരുന്നുവെന്ന് സമ്മതിച്ചിരുന്നുവെങ്കിലും അത് ഗോത്രമഹിമയുടെ കണക്കിലാണെണ്ണിയത്. ഇബ്റാഹീം നബിയുടെ വിശ്വാസ ദാർഢ്യത്തിന്റെയും ആത്മാർഥതയുടെയും ത്യാഗ മനസിന്റെയും മായ്ക്കാനാവാത്ത അടയാളങ്ങളായ അഗ്നി പരീക്ഷ, പുത്രബലി, കഅ്ബാ നിർമാണം തുടങ്ങിയ സംഭവങ്ങൾക്കൊന്നും പിൻമുറക്കാർ അർഹമായ ആദരവും മഹത്വവും കൽപിച്ചിരുന്നില്ല. ബലിപുത്രന്റെ പിൻഗാമികൾ എന്ന ബഹുമതി ഇസ്മാഈലികൾക്ക് ലഭിക്കാതിരിക്കാൻ യഹൂദർ ബലിപുത്രൻ തങ്ങളുടെ പ്രപിതാവായ ഇസ്ഹാഖ് ആണെന്നു വാദിച്ചു. എന്നിട്ടും ആ സംഭവത്തിന് വലിയ പ്രാധാന്യമൊന്നും അവർ കൽപിച്ചില്ല. പുത്രബലിയെ അനുസ്മരിപ്പിക്കുന്ന ഒരു ചടങ്ങും യഹൂദ-ക്രൈസ്തവ വിഭാഗങ്ങളിൽ നിലനിന്നതുമില്ല. എന്നാൽ സഹസ്രാബ്ദങ്ങളായി ആചരിച്ചുവരുന്ന ഹജ്ജ് കർമത്തിൽ ഇബ്റാഹീം നബിയുടെ പുത്രബലിയെ അനുസ്മരിപ്പിക്കുന്ന ചില ചടങ്ങുകൾ നിലനിന്നു. ബലിപുത്രന്റെ നേർപിൻഗാമികൾ അറബികളാണെന്നതിന്റെ പ്രബലമായ സൂചനയാണത്. പക്ഷെ ഇബ്റാഹീം നബിയുടെ ആദർശത്തിൽ നിന്നും ജീവിത സംസ്കാരത്തിൽ നിന്നും ഇസ്രാഈല്യരെക്കാൾ അകന്നുപോയത് ഇസ്മാഈല്യരായിരുന്നു. വിഗ്രഹഭഞ്ജകനായ ഇബ്റാഹീമിന്റെ വിഗ്രഹം തന്നെ അവർ ഏകദൈവം മാത്രം ആരാധിക്കപ്പെടാനായി അദ്ദേഹം പണിതുയർത്തിയ കഅ്ബാലയത്തിൽ പ്രതിഷ്ഠിച്ചു കളഞ്ഞു. തങ്ങൾക്ക് തോന്നുന്ന വിധിവിലക്കുകളൊക്കെ ഇബ്റാഹീമിന്റെ പേരിൽ കെട്ടിച്ചമച്ചു. യഥാർഥ ഇബ്റാഹീമിനെ ഈ രണ്ടു വിഭാഗവും കണ്ടെത്തിയില്ല, അഥവാ അതിനു ശ്രമിച്ചിട്ടില്ല എന്നതാണ് വാസ്തവം. ഇബ്റാഹീം എന്ന ലോകോത്തര വ്യക്തിത്വത്തിന്റെ സമഗ്രതയിലേക്കുള്ള പ്രബലമായ സൂചനയാണ് 'ഇബ്റാഹീം സ്വയം ഒരു സമുദായമായിരുന്നു' എന്ന ഖുർആൻ വാക്യം. ഇബ്റാഹീമി ധർമം കൂടുതൽ ആഴത്തിലും പരപ്പിലും പഠിക്കപ്പെടേണ്ടതുണ്ടെന്നാണതിന്റെ താൽപര്യം. പക്ഷെ, ബൈബിൾ-ഖുർആൻ വചനങ്ങൾ പരാവർത്തനം ചെയ്യുന്നതിലപ്പുറം കാര്യമായ ഗവേഷണ പഠനങ്ങൾ ഈ വിഷയത്തിൽ മുസ്ലിം പണ്ഡിതന്മാരും നടത്തിയതായി കാണുന്നില്ല.

ലോകർക്കൊക്കെയും സത്യത്തിന്റെയും ധർമത്തിന്റെയും ആചാര്യനായി നിശ്ചയിച്ചുവെന്നതു തന്നെയാണ് ഇഹലോകത്ത് അദ്ദേഹത്തിനു ലഭിച്ച മുഖ്യ നന്മ. حَسَنَةً നാലു സഹസ്രാബ്ദം പിന്നിട്ടിട്ടും ലോകം അദ്ദേഹത്തെ അനുസ്മരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. സമ്പത്തുകൊണ്ടും അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചിരുന്നു. ഒരു രാജാവിന്റെയും പ്രജയാവാതെ, സ്വയം ഒരു രാജാവിന്റെ അധികാര സ്വാതന്ത്ര്യങ്ങളോടെയാണദ്ദേഹം ജീവിച്ചത്. പരലോകത്തും ഉന്നതപദവികളുള്ള പുണ്യാത്മാക്കളുടെ ഗണത്തിലാണ് അദ്ദേഹത്തിന്റെ സ്ഥാനം.

**123.** ഈ സന്ദേശത്തിന്റെ മുഖവുരയായിട്ടാണ് മുൻസൂക്തങ്ങളിൽ ഇബ്റാഹീം നബിയെ അനുസ്മരിച്ചത്: ഞങ്ങൾ ഇബ്റാഹീമീ ധർമം പിന്തുടരുന്നവരാണെന്ന യഹൂദരുടെയും ക്രൈസ്തവരുടെയും അറേബ്യൻ വിഗ്രഹാരാധകരുടെയും വാദം തികച്ചും കള്ളമാണ്. ഇപ്പോൾ നാം ഈ പ്രവാചകന് അവതരിപ്പിച്ചു കൊടുത്തിട്ടുള്ളതാണ് യഥാർഥ ഇബ്റാഹീമീ ധർമം. ഇനിയുള്ള മനുഷ്യർ പിന്തുടരേണ്ടത് ഈ ധർമമാണ്. അങ്ങനെയാണ് അവരുടെ മതം ഇബ്റാഹീം മതമാവുക. ഇബ്റാഹീം ധർമം പിൻപറ്റുക എന്നു കൽപിച്ചതിനർഥം ഇബ്റാഹീം നബിയുടെ ശരീഅത്തിലെ നിയമങ്ങളോരോന്നും അതേ വിശദാംശങ്ങളോടെ പിന്തുടരുക എന്നല്ല; ഇബ്റാഹീമീ ധർമത്തിന്റെ, ഏകദൈവത്വം (തൗഹീദ്) പ്രവാചകത്വം (രിസാല) പരലോകം (ആഖിറത്) എന്നീ അടിസ്ഥാന സ്തംഭങ്ങളിൽ നിന്നുയിരെടുക്കുന്ന ആദർശങ്ങളും വിധിവിലക്കുകളും പിന്തുടരുക എന്നാണ്, അന്ത്യപ്രവാചകന് അല്ലാഹു അവതരിപ്പിച്ച വിധിവിലക്കുകൾ ഇബ്റാഹീമീ ദീനിന്റെ തന്നെ നവീന രൂപമാണ്. ഇബ്റാഹീം നബിക്ക് അവതരിപ്പിച്ച ദീനിന്റെ വിധിവിലക്കുകളെന്തായിരുന്നുവെന്ന് മുഹമ്മദ് നബി പഠിപ്പിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ആ ദീനിന്റെ വിശദാംശങ്ങൾ പിന്തുടരാൻ അദ്ദേഹത്തോടാവശ്യപ്പെടുന്നതിന്ന് സാംഗത്യമില്ല.

**124.** അറേബ്യൻ വിഗ്രഹാരാധകരും യഹൂദരും ഉന്നയിച്ചിരുന്ന ഒരു വിമർശനത്തിനുള്ള മറുപടിയാണിത്. താൻ ഇബ്റാഹീമി ധർമമാണ് പ്രബോധനം ചെയ്യുന്നതെന്നാണല്ലോ മുഹമ്മദ് പറയുന്നത്. എങ്കിൽ ഇബ്റാഹീമി ധർമത്തിന്റെ ഭാഗമായി പുരാതന കാലം മുതലേ യഹൂദർ ആചരിച്ചു വരുന്ന സാബ്ബത്ത് ഇയാൾ ആചരിക്കാത്തതെന്തേ? ഖുർആന്റെ മറുപടി ഇതാണ്. സാബത്ത് ആചരണം വാസ്തവത്തിൽ ഇബ്റാഹീമി ധർമത്തിന്റെ ഭാഗമല്ല. അത് അദ്ദേഹത്തിന്റെ പിൻഗാമികൾ യഹൂദർ എന്ന പേരിൽ ഒരു സമുദായമായി രൂപപ്പെട്ട ശേഷം അവർക്കുവേണ്ടി നിയമിക്കപ്പെട്ടതാണ്. അതിന്റെ ആചരണത്തിൽ പലവിധ വ്യത്യാസങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവർ തന്നെ അതിന്റെ പവിത്രത ഹനിച്ചിരിക്കുന്നു. ഇനി ഈ ഭിന്നിപ്പുകളുടെയെല്ലാം അന്തിമവിധി ഉയർത്തെഴുന്നേൽപു നാളിലുണ്ടാകും. സാബത്ത് ആചരണത്തിന്റെ ചിട്ടവട്ടങ്ങളെക്കുറിച്ച് യഹൂദർക്കിടയിലുള്ള ഭിന്നാഭിപ്രായങ്ങളും വ്യാഖ്യനങ്ങളും നിരവധിയാണ്.

ٱلَّذِينَ ٱخْتَلَفُوا۟ فِيهِ അതിൽ ഭിന്നിച്ചവർ എന്ന വാക്യത്തിലെ ഭിന്നതക്ക് ഖുർആൻ വ്യാഖ്യാതാക്കൾ വ്യത്യസ്ത വ്യാഖ്യാനങ്ങളാണ് നൽകിയിട്ടുള്ളത്. ചിലരുടെ വീക്ഷണ

ത്തിൽ, മുകളിൽ പറഞ്ഞതുപോലെ സാബത്തിന്റെ നിയമങ്ങളിലും വ്യവസ്ഥകളിലുമായിരുന്ന ഭിന്നിപ്പ്. സാബ്ബത്തിന്റെ ദിവസത്തെക്കുറിച്ചായിരുന്നു ഭിന്നിപ്പ് എന്നാണ് മറ്റൊരു വ്യാഖ്യാനം. അത് വെള്ളിയാഴ്ചയാണോ ശനിയാഴ്ചയാണോ ആചരിക്കേണ്ടത് എന്നായിരുന്നു തർക്കം. വെള്ളിയാഴ്ചയാണ് അവരുടെ പ്രവാചകൻ നിർദ്ദേശിച്ചത്. പക്ഷെ സമുദായത്തിൽ കുറെയാളുകൾ സാബ്ബത്ത് ശനിയാഴ്ചയാക്കണമെന്നു വാദിച്ചു. ദൈവം ഞായർ മുതൽ വെള്ളി കൂടിയ ആറു നാളുകളിലായി പ്രപഞ്ചസൃഷ്ടി പൂർത്തിയാക്കി ഏഴാം നാൾ-ശനിയാഴ്ച-വിശ്രമിച്ചു എന്ന സങ്കൽപമായിരുന്നുവത്രെ ഈ ശാഠ്യത്തിനാധാരം. ഈ വ്യാഖ്യാനത്തിന് ഉപോൽബലകമായി സ്വഹീഹ് ബുഖാരിയിലും മുസ്ലിമിലും നിവേദനങ്ങളുണ്ട്. ബുഖാരിയിലെ നിവേദനം ഇപ്രകാരമാണ്: നമ്മളാണ് പിൽക്കാലക്കാർ എന്നാൽ അന്ത്യനാളിൽ നമ്മളായിരിക്കും മുമ്പന്മാർ. നമുക്കു മുമ്പേ വേദം ലഭിക്കുകയും പിന്നെ ഈ (ജുമുഅ) ദിനം അവർക്കു നിശ്ചയിച്ചു കൊടുക്കുകയും ചെയ്തെങ്കിലും ആ ദിവസത്തിന്റെ കാര്യത്തിൽ അവർ ഭിന്നിച്ചു. ഇപ്പോൾ അല്ലാഹു നമ്മെ അതിലേക്ക് മാർഗദർശനം ചെയ്തിരിക്കുന്നു. അക്കാര്യത്തിൽ ജനങ്ങളെല്ലാം നമ്മെ പിന്തുടരും. നാളെ യഹൂദർ മറ്റന്നാൾ ക്രൈസ്തവർ". ഇബ്റാഹീം നബിയുടെ മില്ലത്തിൽ ഭിന്നിച്ചു എന്നാണുദ്ദേശ്യം എന്നും അഭിപ്രായമുണ്ട്. സാബ്ബത്ത് ആചരിക്കണമോ വേണ്ടേ എന്നായിരുന്നു തർക്കം എന്നും ചിലർ പറയുന്നു. അങ്ങനെയൊരു തർക്കം യഹൂദരിലുണ്ടായതായി ചരിത്രമില്ല എന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ വാദം തള്ളപ്പെട്ടിരിക്കുന്നു.

إِنَّمَا جُعِلَ ٱلسَّبْتُ എന്ന വാക്കിന്റെ ഉദ്ദേശ്യം സാബ്ബത്തിന്റെ പേരിൽ ഇസ്രാഈല്യർക്ക് ഏർപ്പെട്ട ശിക്ഷയാണെന്നുമുണ്ടൊരു വ്യാഖ്യാനം. സാബ്ബത്ത് അംഗീകരിച്ചിരിക്കെത്തന്നെ കുതന്ത്രങ്ങൾ പ്രയോഗിച്ച് അത് ലംഘിച്ചുകൊണ്ടിരുന്നവരെ അല്ലാഹു ശിക്ഷിച്ചതായി 2:65, 7:166 സൂക്തങ്ങളിൽ പറയുന്നുണ്ടല്ലോ. ആ ശിക്ഷ ലഭിച്ചത്, സാബ്ബത്ത് ആചരണത്തിന്റെ ശരിയായ രീതിയിൽ നിന്നു തന്ത്രപൂർവ്വം വ്യതിചലിച്ചവരെയാണെന്നു പറയുകയാണ്. പക്ഷെ അത്തരം ഒരു പ്രസ്താവന ആവശ്യപ്പെടുന്ന യാതൊന്നും ഈ പശ്ചാത്തലത്തിലില്ല. അതിനാൽ നാം ഒന്നാമതായി പറഞ്ഞ വിശദീകരണമാണ് കൂടുതൽ സന്ദർഭോചിതമായി തോന്നുന്നത്. ■